ഉത്തരം

ഓരോ വർഷവും കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന കാര്യ അനുസരിച്ചാണ് പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നത്. പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-07) പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്രം നൽകിയിട്ടില്ല. അതിനാൽ പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയുർവേദ ആശുപത്രികൾ തുടങ്ങുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ പുന്നപ്ര വടക്ക് പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പുതിയ ആയുർവ്വേദാശുപത്രികൾ അനുവദിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

എറണാകുളം ജില്ലയിലെ വടവുകോട്ട് പ്രൈമറി ഹെൽത്ത് സെന്റർ

127 [2619] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വടവുകോട്ട് പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ട് 8 വർഷത്തോളമായിട്ടും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള പാറ്റേൺ അനുസരിച്ചല്ല പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാറ്റേൺ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാറ്റേൺ അനുസരിച്ച് വടവുകോട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇനി എന്തെല്ലാം ചെയ്യാനുണ്ടെന്നും എന്നേക്ക് ഇതെല്ലാം പൂർത്തിയാക്കി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ഉണ്ടായിരിക്കേണ്ട എല്ലാ സൗകര്യങ്ങളുമുള്ള പൂർണ്ണ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി തീർക്കുമെന്നും വ്യക്തമാക്കാമോ;

(സി) വടവുകോട്ട് സി.എച്ച്.സി-യുടെ കെട്ടിടങ്ങളും മറ്റും അറ്റകുറ്റപ്പണികൾ നടത്തി നന്നാക്കാനും പുതിയ വാർഡും ഓപ്പറേഷൻ തീയറ്ററും ലേബർ റൂമും ഇതിലേക്ക് ആവശ്യമായ സാധനസാമഗ്രികളും സ്ഥാപിക്കുന്നതിന് വേൾഡ് ബാങ്ക് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഉണ്ടാക്കിയ എസ്റ്റിമേറ്റുകളുടെയും പ്രോജക്ട് റിപ്പോർട്ടിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) വേൾഡ് ബാങ്ക് ഈ സ്കീം എടുത്തിട്ടില്ല എങ്കിൽ ഏതു സ്കീമിലാണ് വടവുകോട്ട് സി.എച്ച്.സി.-ക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പാടു ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നും ഏതെങ്കിലും മാർഗ്ഗത്തിൽ സി.എച്ച്.സി.-യിൽ ഈ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 50 കിടക്കകളുള്ള വാർഡ് നിലവിലുള്ള വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികകൾ നിലവിലുണ്ട്. ഭാരതസർക്കാർ അംഗീകരിച്ച മാനദണ്ഡമനുസരിച്ച് സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ 80,000 മുതൽ 1,20,000 വരെ ജനസംഖ്യയും കുറഞ്ഞത് 4 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ടാവുകയും

LIBRARY ARCHIVES Kerala Legislative Assembly

അവയുടെ റഫറൽ സെന്ററായി പ്രവർത്തിക്കുകയും വേണം. 30 കിടക്കകൾ നിർബന്ധമായും ഉണ്ടായിരിക്കണം. അവിടെ താഴെ പറയുന്ന ജീവനക്കാരുടെ തസ്തിക ക്രമമാണ് ഉണ്ടായിരിക്കേണ്ടത്.

സിവിൽ സർജൻ	..	1
അസിസ്റ്റന്റ് സർജൻ	..	4

(ഇവ സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി എന്നീ സ്പെഷ്യാലിറ്റികളിൽ ആയിരിക്കണം. കൂടാതെ അഞ്ചു പേരിൽ ഒരാൾ പബ്ലിക് ഹെൽത്ത് ആക്ടിവിറ്റിയിൽ പ്രത്യേക യോഗ്യതയോ, പരിശീലനമോ നേടിയ ആളായിരിക്കണം.)

സ്റ്റാഫ്നേഴ്സ്	..	5
നേഴ്സിംഗ് അസിസ്റ്റന്റ്	..	3
അറ്റൻഡന്റ് ഗ്രേഡ് II	..	2
അറ്റൻഡന്റ് ഗ്രേഡ് I	..	1
ഫാർമസിസ്റ്റ്	..	1
ലാബ് ടെക്നീഷ്യൻ	..	1
പാർട്ട്ടൈം സ്വീപ്പർ	..	1
ഹെഡ് ക്ലാർക്ക്	..	1
ക്ലാർക്ക്	..	3
പ്യൂൺ	..	1
റേഡിയോഗ്രാഫർ	..	1
ഹെൽത്ത് സൂപ്പർവൈസർ	..	1
ലേഡി ഹെൽത്ത് സൂപ്പർവൈസർ	..	1
ഹെൽത്ത് ഇൻസ്പെക്ടർ	..	1
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	..	1
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	..	(5000 ജനസംഖ്യക്ക് ഒരാൾ വീതം)
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	..	(5000 ജനസംഖ്യക്ക് ഒരാൾ വീതം)

എന്നാൽ സംസ്ഥാന സർക്കാർ പ്രസ്തുത മാനദണ്ഡം സ്വീകരിച്ചുകൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) രണ്ട് ഡോക്ടർമാരുടേയും ഒരു റേഡിയോഗ്രാഫറുടേയും രണ്ട് ഗ്രേഡ്-2 അറ്റന്റർമാരുടേയും തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം വേൾഡ് ബാങ്ക് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) വടവുകോട് സി.എച്ച്.സി-യിൽ കെട്ടിട നിർമ്മാണത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമായി 30 ലക്ഷം രൂപയ്ക്കുള്ള നിർദ്ദേശം നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നബാർഡിന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

ആലപ്പാട് സി.എച്ച്.സി.-യുടെ പ്രവർത്തനം

128 [2620] ശ്രീ.കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് സി.എച്ച്.സി.-യിൽ എക്സ് റേ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) എക്സ് റേ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്നാണ് പൂർത്തിയായത്;

(സി) ഇതിനായി ശ്രീ. വി. വി. രാഘവൻ എം.പി.യുടെ ഫണ്ടിൽനിന്ന് ലഭ്യമായ സംഖ്യ എത്രയാണ്;

(ഡി) ഈ സി.എച്ച്.സി.-യിൽ എത്ര ഡോക്ടർമാരും ജീവനക്കാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സി.എച്ച്.സി-യുടെ കീഴിൽ എത്ര സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കാമോ;

(ജി) ഈ കമ്മ്യൂണിറ്റി സെന്ററിൽ ഇപ്പോൾ ഒ.പി.-യിലും ഐ.പി.-യിലും ശരാശരി എത്ര രോഗികൾ വീതം ചികിത്സതേടി എത്തുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പണിയും വയറിംഗും നടത്തിയിട്ടുണ്ട്. എക്സ് റേ മെഷീനുവേണ്ടിയുള്ള വയറിംഗ് ഇനിയും നടത്തുവാനുണ്ട്. ഇത് നടത്തുന്നതിന് ബ്ലോക്കിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റേഡിയേഷൻ സേഫ്റ്റി സർട്ടിഫിക്കറ്റും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സർട്ടിഫിക്കറ്റും ലഭിച്ചശേഷം മാത്രമേ എക്സ് റേ മെഷീൻ സ്ഥാപിക്കാൻ കഴിയൂ.

(ബി) 6-8-2000-ത്തിലാണ് പൂർത്തിയായത്.

(സി) എം.പി. ഫണ്ടിൽനിന്ന് 2,75,000 രൂപയാണ് എക്സ് റേ കെട്ടിടത്തിന്റെ പണിക്കായി ലഭിച്ചത്.

(ഡി) ഡോക്ടർമാരുടേയും ജീവനക്കാരുടേയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly